**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2955** — **14-02-2024 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടിയിലെ ശിശുമരണങ്ങൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ഷാഫി പറമ്പിൽ</td><td colspan="2">ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കഴിഞ്ഞ സർക്കാറിന്റെ (2016 -21) കാലം മുതൽ നാളിതുവരെ അട്ടപ്പാടിയിൽ എത്ര ശിശുമരണങ്ങൾ ഉണ്ടായിട്ടുണ്ട്; വർഷം തിരിച്ച് വ്യക്തമാക്കുമോ;</td><td>(എ)</td><td>2016 മുതൽ 2021 വരെയുള്ള കാലയളവിൽ അട്ടപ്പാടിയിൽ പട്ടികജാതി കുടുംബങ്ങളിൽ ശിശുമരണങ്ങൾ സംഭവിച്ചിട്ടില്ല.<br><br>അട്ടപ്പാടി മേഖലയിലെ 2016 മുതൽ നാളിതുവരെയുള്ള പട്ടികവർഗ്ഗ കുടുംബങ്ങളിലെ ശിശുമരണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>വർഷം</th><th>മരണപ്പെട്ട കുട്ടികളുടെ എണ്ണം</th></tr>
<tr><td>1</td><td>2016</td><td>8</td></tr>
<tr><td>2</td><td>2017</td><td>17</td></tr>
<tr><td>3</td><td>2018</td><td>13</td></tr>
<tr><td>4</td><td>2019</td><td>7</td></tr>
<tr><td>5</td><td>2020</td><td>10</td></tr>
<tr><td>6</td><td>2021</td><td>9</td></tr>
<tr><td>7</td><td>2022</td><td>12</td></tr>
<tr><td>8</td><td>2023</td><td>5</td></tr>
<tr><td>9</td><td>2024</td><td>1</td></tr>
<tr><td colspan="2">ആകെ</td><td>82</td></tr>
</table></td></tr>
<tr><td>(ബി)</td><td>മേൽപ്പറഞ്ഞ കാലയളവിൽ അട്ടപ്പാടിയിൽ എസ്.സി., എസ്.ടി. വകുപ്പ് മുഖേന സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യപരിപാലനത്തിനും സംരക്ഷണത്തിനുമായി എന്തൊക്കെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ;<br>വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുമോ?</td><td>(ബി)</td><td>മേൽപ്പറഞ്ഞ കാലയളവിൽ അട്ടപ്പാടിയിൽ പട്ടികജാതി വികസന വകുപ്പ് മുഖേന സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യപരിപാലനത്തിനും സംരക്ഷണത്തിനുമായി പ്രത്യേക പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.<br><br>അട്ടപ്പാടിയിൽ വിവിധ വകുപ്പുകൾ ചേർന്ന് നടപ്പിലാക്കി വരുന്ന പദ്ധതികൾ ജനപ്രതിനിധികളുൾപ്പെടെ അവലോകനം നടത്തി വരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാരുടെ, പ്രത്യേകിച്ച് സ്ത്രീകളുടെയും, കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിന് വകുപ്പ് പ്രഥമ പരിഗണനയാണ് നൽകിവരുന്നത്.<br><br>അട്ടപ്പാടിയിൽ കഴിഞ്ഞ കാലങ്ങളിൽ നടപ്പിലാക്കി വരുന്ന പ്രധാന ആരോഗ്യ ക്ഷേമ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br><u>ജനനീജന്മരക്ഷ പദ്ധതി</u><br><br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അമ്മയ്ക്കും കുഞ്ഞിനും വേണ്ട പരിചരണം ഉറപ്പാക്കുന്നതിനും പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ജനനീ ജന്മരക്ഷാ പദ്ധതി.<br><br><u>കൈത്താങ്ങ് പദ്ധതി</u></td></tr>
</table>

മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലാത്തതുമൂലം അനാഥരായ കുട്ടികൾക്ക് 18 വയസ് പൂർത്തിയാകുന്നതുവരെ അവരുടെ സംരക്ഷണം ഏറ്റെടുത്തവർക്ക് പ്രതിമാസം 1500 /- രൂപ വീതം നൽകുന്ന പദ്ധതിയാണിത്.

<u>വാൽസല്യ സ്പർശം പദ്ധതി</u>

അട്ടപ്പാടിയിൽ കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായ ശിശുമരണങ്ങളിൽ ഏറിയവയും മിൽക്ക് ആസ്പിറേഷൻ മൂലമാണെന്ന് ആരോഗ്യ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നവജാത ശിശുക്കളുടെ അമ്മമാർക്ക് രാത്രി കാലങ്ങളിൽ മുലയൂട്ടൽ അപകട രഹിതമാക്കുന്നതിന് സഹായിക്കുന്നതിനായി അഗളി, ഷോളയൂർ, പുതൂർ ഗ്രാമപഞ്ചായത്തുകളിലായി ഒന്നു വീതം ഫീൽഡ് നേഴ്സുമാരെ വൽസല്യ സ്പർശം പദ്ധതിയിൽ ഉൾപ്പെടുത്തി നിയമിച്ചിട്ടുണ്ട്.

<u>ട്രൈബൽ ഹെൽത്ത് ആന്റ് ന്യൂട്രീഷ്യൻ കൺസൾട്ടന്റ്</u>

അട്ടപ്പാടി ഉൾപ്പെടെയുള്ള പട്ടികവർഗ മേഖലകളിലെ ആരോഗ്യ പോഷക ക്ഷേമ പ്രവർത്തനങ്ങൾ കോർഡിനേറ്റ് ചെയ്യുന്നതിനായി UNICEF ന്റെ സാമ്പത്തിക സഹായത്തോടെ ഒരു കൺസൾട്ടന്റിനെ (Tribal Health and Nutrition Consultant) നിയമിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

<u>ഊരിന്റെ താരാട്ട് പദ്ധതി</u>

അട്ടപ്പാടിയിലെ ഗർഭസ്ഥ ശിശുക്കളുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കുമായി പട്ടികവർഗ വികസന വകുപ്പും പാലക്കാട് ജില്ലാ ഭരണകൂടവും സംയുക്തമായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഊരിന്റെ താരാട്ട് പദ്ധതി ഈ പദ്ധതിയുടെ ഭാഗമായി വിവിധ ക്യാമ്പയിനുകളും ബോധവത്ക്കരണ ക്യാമ്പുകളും പരിശീലനവും നടപ്പിലാക്കി വരുന്നുണ്ട്.

ഊരിന്റെ താരാട്ട് പദ്ധതിയുടെ ഭാഗമായി അട്ടപ്പാടി മേഖലയിലെ ഗർഭസ്ഥ ശിശുവിനും അമ്മയ്ക്കും ആവശ്യമായ നിയോണേറ്റൽ കിറ്റ് വിതരണം ചെയ്യുന്നതിനായി സ്നേഹപൂർവം അമ്മയ്ക്ക് എന്ന പദ്ധതി ആവിഷ്കരിക്കുകയും കിറ്റ് വിതരണം ചെയ്തു വരികയും ചെയ്തിട്ടുണ്ട്.

അട്ടപ്പാടി മേഖലയിലെ വികസന ക്ഷേമ പ്രവർത്തനങ്ങൾ ഒറ്റപ്പാലം സബ് കളക്ടറുടെ നേതൃത്വത്തിൽ എല്ലാ ആഴ്ചയിലും, പാലക്കാട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മാസത്തിൽ ഒരിക്കലും കൂടാതെ ബഹു എം.പി., ബഹു. എം.എൽ.എ എന്നിവർ ഉൾപ്പെടുന്ന കോർഡിനേഷൻ സമിതിയുടെ നേതൃത്വത്തിൽ 3 മാസത്തിൽ ഒരിക്കലും വിലയിരുത്തി നടപടികൾ സ്വകരിച്ചു വരികയും ചെയ്യുന്നുണ്ട്.

കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പാലക്കാട് മെഡിക്കൽ കോളേജിൽ നിന്നുള്ള വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അധികമായി ഒരു ആംബുലൻസിന്റെ സേവനം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്.

ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് സഹായം എത്തിക്കുന്നതിനായി ഹെൽപ് ഡസ്ക് രൂപീകരിച്ച്, 24 മണിക്കൂർ സേവനം ലഭ്യമാക്കി വരുന്നുണ്ട്.

പോഷകാഹാര ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.

ഐ.റ്റി.ഡി.പി യുടെ ആംബുലൻസ് സർവീസ് 24 മണിക്കൂർ ലഭ്യമാക്കി.

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള കൗൺസിലർമാരുടെ സേവനം പ്രയോജനപ്പെടുത്തി കൗൺസിലിംഗ് ആരംഭിച്ചു.

ഗർഭിണികൾക്ക് പ്രത്യേക പോഷകാഹാര കിറ്റുകൾ നൽകി വരുന്നു.

അട്ടപ്പാടി പി.വി.റ്റി.ജി. മേഖലയിലെ ആരോഗ്യ കാര്യങ്ങളിൽ നേരിട്ട് ഇടപെടുന്നതിനായി വകുപ്പിന്റെ കീഴിൽ പുതിയൊരു മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിച്ച് പ്രവർത്തനം നടത്തി വരുന്നുണ്ട്.

2016-17 മുതൽ അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനായി നടപ്പാക്കി വരുന്ന പ്രധാന പദ്ധതികളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു. മറ്റ് പദ്ധതികൾക്ക് ആവശ്യമായ ഫണ്ട് സമഗ്ര ആരോഗ്യ രക്ഷ (ചികിത്സാ ധനസഹായം) ശീർഷകത്തിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

ലക്ഷത്തിൽ

| ക്രമ നം. | വർഷം | ജനനീ ജന്മരക്ഷ | കൈത്താങ്ങ് | സിക്കിൾസെൽ രോഗികൾക്കുള്ള ധനസഹായം | ചികിത്സാ ധന സഹായം |
|---|---|---|---|---|---|
| 1 | 2016-17 | 131.66 | 2.00 | 6.00 | 20.91 |
| 2 | 2017-18 | 93.34 | 15.67 | 53.24 | 48.45 |
| 3 | 2018-19 | 94.00 | 11.57 | 38.12 | 47.99 |
| 4 | 2019-20 | 160.00 | 16.00 | 37.45 | 28.52 |
| 5 | 2020-21 | 84.00 | 19.32 | 49.15 | 32.11 |
| 6 | 2021-22 | 188.50 | 18.27 | 48.47 | 62.00 |
| 7 | 2022-23 | 125.48 | 13.36 | 59.37 | 79.00 |
| 8 | 2023-24 | 146.10 | 25.06 | 40.70 | 67.26 |

സെക്ഷൻ ഓഫീസർ